# നിലാ.........



## പറളി ഹയർ സെക്കന്ററി സ്ക്രൂൾ
## പറളി

## ഉള്ളടക്കം

ആമുഖം....................3
ആശംസ....................5
പ്രളയത്തിനൊരു കത്ത്....................6
ഏകാന്തത....................7
അമ്മക്കിളി....................8
മിഴിന്നീരുണങ്ങിയപ്പോൾ....................9
മായില്ലൊരിക്കലും....................10
....................11
കാക്ക....................11
പ്രളയനീർ....................14
പഴമയെ അറിയും പഴഞ്ചൊല്ലുകൾ....................15
കേരളത്തെ അറിയാം....................16
ഭയം....................17
കേരളനാട്....................18
മഴക്കാലം....................19
നഷ്ടത്തിന്റെ നാളുകൾ....................20
സൂര്യൻ....................21
അനാഥബാല്യം....................22
തിരക്ക്....................24
തീരാദു:ഖം....................25
മഴക്കാലം....................26
ജന്മദിനം....................27
പ്രളയം....................28
മേഘം....................29
മേളകൾ മേളങ്ങൾ....................30



# ആമുഖം

വിത്തുകൾ തേടി നടന്നു.......

അവ ധാരാളമുണ്ടായിരുന്നു....

ചിതറിത്തെറിച്ചവ,

വെളിച്ചം കിട്ടാത്തവ,

വെള്ളം ലഭിയ്ക്കാത്തവ

കൂട്ടം തെറ്റിയവ....

സ്വയം ഒറ്റപ്പെടാൻ ആഗ്രഹിച്ചവ

പൂർണ്ണ വിജയം അവകാശപ്പെടുന്നില്ല

ഇനിയുമുണ്ടാകും

മറഞ്ഞിരിയ്ക്കുന്നവ

മുളപൊട്ടിയവ മുഴുവൻ

കായ്ക്കളാവണമെന്നില്ലല്ലോ?

ചിലതെങ്കിലും പഴുത്തെന്ന് തോന്നുന്ന

സന്തോഷം .......സംതൃപ്തി

വലിയ അവകാശ വാദങ്ങളൊന്നുമില്ല

വിലയിരുത്തേണ്ടത് നിങ്ങളാണല്ലോ..?

ഈ സ്വപ്നയാനം നിങ്ങളിലേൽപ്പിയ്ക്കുന്നു.

ഏറ്റുവാങ്ങുക......അനുഗ്രഹിയ്ക്കുക

# ആശംസ



ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ നല്ലൊരു സംരംഭമാണ് നിലാ......
ആകർഷകവും അറിവു പകരുന്നതുമായ രീതിയിൽ ഇ-മാഗസിന് ആക്കിത്തീർക്കുവാൻ നിങ്ങൾ നടത്തിയ കഠിനാധ്വാനത്തേയും കൂട്ടുത്തരവാദിത്വത്തേയും ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. മറ്റുള്ളവർക്കും ഇത് പ്രചോദനമായിത്തീരട്ടെ

ആശംസകളോടെ ...

പ്രധാന അധ്യാപിക .....

ടി.വി.ജ്യോതി

# പ്രളയത്തിനൊരു കത്ത്

നമ്മുടെ മലയാളികൾക്ക് ജാതിമത ഭേദങ്ങളില്ലാതെ ഒരുമിയ്ക്കാൻ നീ സഹായിച്ചു.ലക്ഷക്കണക്കിനാളുകളുടെ കിടപ്പാടം നഷ്ടപ്പെട്ടു,അതിലുമുപരി അവരുടെ ജീവൻ തന്നെ ഇല്ലാതായി.എങ്കിലും നീ വലിയ ഒരു കാര്യം ചെയ്തു. ഒരമ്മ പെറ്റ സഹോദരങ്ങളാണ് എന്ന് മനുഷ്യർ തെളിയിച്ചു.പക്ഷെ,അതധികനാളുകളൊന്നും നീണ്ടുനിന്നില്ല.നീ അവരെ ഒരു പാഠം പഠിപ്പിച്ച് മടങ്ങിയപ്പോൾ അവർ തങ്ങളുടെ തനിസ്വരൂപം പുറത്തെടുത്തു.അന്നുവരെ ഒറ്റക്കെട്ടായിരുന്ന അവർ ഇന്ന് തമ്മിൽ അടിയ്ക്കുകയാണ്. ആ വഴിയിലേക്ക് ദൈവത്തെക്കൂടി വലിച്ചിഴക്കുന്നു. കാലാകാലങ്ങളായി ചെയ്തു വന്നിരുന്ന ആചാരങ്ങൾ അവരുടെ കാൽച്ചുവട്ടിലായി. ഇനി നിന്റെ തിരിച്ചുവരവുണ്ടാകുമോ എന്നെനിക്കറിയില്ല.എന്നാൽ ആരേയും ഉപദ്രവിക്കാതെ വെറും ഒരു സൂചന പോലെ നിനക്കൊന്നു വന്നുകൂടെ....ദൈവത്തെ മോചിപ്പിക്കാനായി.

**മാളവിക അരുൺ**

# ഏകാന്തത

കൂട്ടിലെ പക്ഷിയ്ക്ക് അമ്മയുണ്ടച്ഛനുണ്ട്
കൂട്ടുകൂടുവാനായാരുമില്ല
കുയിലിന്റെ നാദം കൂട്ടായുണ്ട്
കൂകിപ്പായുവാനാരുമില്ല

മണ്ണപ്പം ചുട്ടുകളിച്ചിട്ടില്ല ഞാൻ
കൂടാരം കെട്ടി കളിച്ചിട്ടില്ല
കണ്ണാരം പൊത്തി കളിച്ചിട്ടില്ല,
ഞാൻ കൂട്ടിലടച്ചൊരു പക്ഷിയാണ്




കൂന്നിൻമേൽ കൂന്നായി
വളർന്നെന്റെ ദു:ഖം.
കൂടെപ്പിറപ്പൊന്നു കൂട്ടിനുണ്ടായെങ്കിൽ
കൂട്ടുകൾ തേടി അലയില്ല ഞാൻ

കൂടുന്നു ചിന്തകൾ കുട്ടിയാണെങ്കിലും
കൂടിയാൽ കൂട്ടരെ ...
കൂടുപൊട്ടിയ്ക്കും ഞാൻ..........

ശിൽപ വിഎസ്

# അമ്മക്കിളി

മാതാവിൻ താരാട്ടു കേൾപ്പു
ഞാൻ ആ മാറിൽ ചാഞ്ഞ നാളുകൾ
ജീവിതത്തിൻ ആനന്ദതാളുകൾ
വട്ടമിട്ടുപറക്കുന്ന കഴുകന്മാരുടെ
കൊത്തുകൾ സ്വയമേറ്റുവാങ്ങുമ്പോഴും
ഒരു അമ്മക്കിളിയായ് നീ നിൻ
ചിറകിനടിയിൽ കാത്തുവെച്ചെന്നെ
ഒരുപിടി നല്ല പാഠങ്ങൾ നീ
എനിയ്ക്കായ്
പകർന്നു നൽകി.......
നീയാണെൻ ലോകവും..ദൈവവും...



സിൽജ എസ്

# മിഴിന്നീരുണങ്ങിയപ്പോൾ.......

അറിയാതെ പെയ്തിരുന്ന ,

ആകാശമിന്നലെവരെയും....

പെയ്തതൊക്കെയുംനല്ലതിനായ-

ല്ലയിന്നോളമവർക്കൊക്കെയും....

പെയ്തിരുന്നില്ലെങ്കിൽ.....

വറ്റിവരളുന്നതൊണ്ടയിൽ പരാതികൾ....

പെയ്തു തീർന്നില്ലെങ്കിൽ.....

മുങ്ങിത്താഴും ജീവൻ തൻ പിടച്ചിലുകൾ.....

ആരറിയുന്നു,

പെയ്യാതിരുന്നതും പെയ്തിരുന്നതും..

മക്കൾ തൻ നന്മയ്ക്കായിരുന്നെന്ന്.....

ആരറിയുന്നു....

നിശബ്ദമായ് തേങ്ങിയൊരമ്മതൻ ഗദ്ഗദം

ഉമിനീർ വറ്റിയതുകൊണ്ടാണെന്ന്.....

ആരറിയുന്നു.....

പൊട്ടിത്തെറിച്ച് തകർക്കുമാദേഷ്യവും,

അന്യർതൻ  പരാതികളിൽ നിന്നാണെന്ന്

അവരറിഞ്ഞുവോ,

മഴയായ് പെയ്തിറങ്ങിയതൊക്കെയും,

പ്രകൃതിതൻ കണ്ണീരുറവയാണെന്ന്......

**അപർണ്ണ യു. വി**

# മായില്ലൊരിക്കലും

അകലെയായ് പോയനിൻ ഓർമ്മകളിലെപ്പോഴും
മധുരമൂറും ശലഭമായ് ഞാൻ...
നിന്നരികിലോടിയണയുംന്നേരം
മായുവതെന്തേ.....
എന്നിലേക്കടുക്കുവാൻ എന്തിത്ര നേരം...
മധുരമൂറും മധു ആസ്വദിക്കാനെൻ
ഹൃദയം വിങ്ങുന്നുണ്ടേറെ ....
ഏറെ വൈകി നിന്നെയറിയാൻ....
നിന്നരികിലെത്താൻ...... എങ്കിലും
നിൻ മായാത്ത ഓർമ്മകൾ....
താങ്ങായ്..... തണലായ്.....

കാർത്തിക വി .ജി

# കാക്ക

പതിവിനു വിപരീതമായി രാത്രിയ്ക്ക് ഏറെ

പണുപ്പുണ്ടായിരുന്നു. ആ തണുപ്പിൽ വിറങ്ങലിച്ച ശരീരം

അതിൽ നിന്ന് ഇനിയും മുക്തമായിട്ടില്ല.

കിഴക്കേ മാനത്ത് ചുവപ്പുരശ്മികൾ മടിയോടെ പടർന്നു

വരുന്നു.കാക്കകൾ

കൂട്ടത്തോടെ കലപില പറഞ്ഞ് അത്യധികം ഉത്സാഹത്തോടെ പറന്നു

പോകുന്നു. അതിലെ ഒരു കാലിനു മുടന്തുള്ള കാക്കയെ അവൻ സൂക്ഷിച്ചു

നോക്കി. അപ്പോൾ മനസ്സിന് എന്തെന്നില്ലാത്ത ഭാരം അവന്

അവനനുഭവപ്പെട്ടു.ഓർമ്മകൾ പിന്നിലേക്ക് പറന്നു പോയി.

അച്ഛൻ അവനൊരു കഥ പറഞ്ഞ് കൊടുക്കുകയായിരുന്നു.അതിലെ

ഉള്ളടക്കം ഇതായിരുന്നു.മനുഷ്യർ മരിച്ച് പതിനാറു ദിവസം

കഴിഞ്ഞാൽ

കാക്കയായി പുനർജ്ജനിക്കും.

“ അച്ഛാ....അപ്പോൾ ഈ കാക്കകളെല്ലാം പണ്ട് മനുഷ്യരായിരുന്നോ?

അതെ മോനെ..അതുമാത്രമല്ല മരിച്ചിട്ട് കാക്കയായി മാറിയാലും അത്

സ്വന്തം നാടും വീടും തേടി പുറപ്പെടും.

ബന്ധുക്കളെയും കാണാൻ.......

അതുകൊണ്ടാണോ അച്ഛാ..ആളുകൾ മരിച്ചാൽ ഈ കാക്കകൾക്കെല്ലാം

ബലിയിടുന്നത്? അവന്റെ സംശയം തീരുന്നില്ല.

അങ്ങനെയല്ല മോനെ...മനുഷ്യർക്കാണത് ചെയ്യുന്നത്. പക്ഷെ ബലിച്ചോറ് തിന്നുന്നത് കാക്കകളാണ്. അച്ഛനവന്റെ നെറ്റിയിൽ സ്നേഹ ചുംബനം നൽകിക്കൊണ്ട് അവനെ നെഞ്ചോട് ചേർത്തു.അമ്മയുടെ നെഞ്ചിന്റെ ചൂടറിയാൻ സാധിക്കാത്ത അവന് അച്ഛനായിരുന്നു എല്ലാം ആകാശത്തേയ്ക്ക് നോക്കിക്കൊണ്ട് അവൻ കിടന്നു.

രവീ...ആരോ വിളിച്ചതു കേട്ടിട്ടാണ് അവൻ ഓർമ്മകളിൽ നിന്ന് ഉണർന്നത്.നോക്കുമ്പോൾ അയൽപക്കത്തെ ചേട്ടനാണ്.

രവീ നീ വല്ലതും കഴിച്ചോ?വീട്ടിലേക്ക് വാ..എന്തേലും ഇച്ചിരി കഴിക്ക്.വേണ്ട ചേട്ടാ..വിശപ്പില്ല.ഞാൻ വന്നോളാം.മറുപടിക്ക് കാക്കാതെ അവൻ അകത്തേക്കു പോയി.ഏകാന്തതയുടെ രണ്ടു രാത്രി പിന്നിട്ടിപിക്കുന്നു.ഇത്രയും കാലം ഏകാന്തതയെ സ്നേഹിച്ചിരുന്നെങ്കിലും ഇന്നത്തെ ഏകാന്തതയ്ക്ക് വല്ലാത്ത ഭാരം.അവൻ ഉള്ളുപൊട്ടി കരയാൻ ശ്രമിച്ചു.പക്ഷെ,കണ്ണീർ ഒരു തുള്ളിപോലും വന്നില്ല.കണ്ണീർ ഇനി വറ്റി പ്പോയതായിരിക്കുമോ?അവൻ അലസമായി കിടക്കുന്ന സ്വന്തം മുടിയിൽ അകാരണമായ പേടിയോടെ ഒന്നു തൊട്ടുനോക്കി.അച്ഛന്റെ സ്പർശനത്തിന്റെ ചൂട് ഇനിയും തണുത്തിട്ടില്ലെന്നവൻ തിരിച്ചറിഞ്ഞു.പെട്ടന്ന് അവന്റെ പഴയ ഒരു കുടുംബഫോട്ടോ

തടഞ്ഞു.വെളുത്ത മെലിഞ്ഞ ഒരു സ്ത്രീ,പാരുഷ്യം ജ്വലിക്കുന്ന കണ്ണുകളും എന്നാൽ കാലിൽ അഭംഗിയുള്ള ഒരു ചെറുപ്പക്കാരൻ,ഏകദേശം നാലുവയസ്സു മാത്രം തോന്നിക്കുന്ന ഒരു ആൺകുട്ടി.... കാണാതെ പോയ ഒരു കുട്ടിയെ തിരയുന്ന ഔത്സുക്യത്തോടെ അവൻ ആ ഫോട്ടോയിൽ പരതിക്കൊണ്ടിരുന്നു.

തിരിച്ചറിയപ്പെടാതെപ്പോയ ചില നിമിഷങ്ങളായിരിക്കാം. ഓർമ്മകൾപ്പോലെത്തന്നെ തന്നിലേയ്ക്ക് പടർന്നു കയറി...ചില ഓർ മ്മകൾ അവനെ വല്ലാതെ അലട്ടി.ആ ഒറ്റപ്പെടൽ അവന് താങ്ങാനാവുന്നതിലും അധികമായിരുന്നു.കനത്തയിരുട്ടിനെ ഭേദിക്കുന്ന ഒരു മിന്നൽ തെളിഞ്ഞു.കൂടെ ഇടിമുഴക്കവും...... ഒറ്റയടിപ്പാതയിലൂടെ വീടിനെ ലക്ഷ്യമാക്കി അച്ഛൻ നടക്കുകയായിരുന്നു. പെട്ടെന്ന് ഒരു കരച്ചിൽ....ആ ശബ്ദം കേട്ടിടത്തേയ്ക്ക് വേച്ച് വേച്ച് നടന്നു. അവിടെ ഒരു നിഴലാട്ടം...ആരാണെന്ന് അവന് മനസ്സിലായില്ല. ....പെട്ടെന്ന് മരണം ചതിയുടെ രൂപത്തിൽ എത്തി.സൗഹൃദത്തെ മറന്നുകൊണ്ട് അവൻ ആ വിപ്ലവ സേനാനിയെ വകവരുത്തി. ഒരു പകരം വീട്ടലിന്റെ ശേഷിപ്പ്...

അച്ഛാ.....ആത്മഗതം പോലെ ആ വിളി ഉയർന്നു.അവൻ ഏറെ ഇഷ്ടപ്പെട്ടിരുന്നത് വിപ്ലവകാരിയായ അച്ഛനെയല്ല ,മറിച്ച് കഥകൾ പറഞ്ഞു തന്ന് ഉറക്കിയിരുന്ന അച്ഛനെയാണ്.അസ്തമയം അടുത്തു, കാക്കകൾ കൂടണയുന്നു,അവിടെയെങ്ങും കാൽ മുടന്തിയ കാക്കയെ കാണാനില്ല....ഇനിയുള്ള പതിന്നാലു ദിവസം അവൻ

കാത്തിരുന്നു. അച്ഛന്റെ ഓർമ്മകൾ അവനെ പൊള്ളിച്ചു.അതിനാൽ അവിടെ നില്ക്കാൻ കഴിയാതെ തിരിഞ്ഞു നടന്നു..ഏതോ ചില ഓർ മ്മകൾ അവനെ പിന്തിരിയാൻ പ്രേരിപ്പിച്ചു......ആ.. മുടന്തൻ കാക്ക ....തിരഞ്ഞുകൊണ്ടേയിരുന്നു.....

**അപർണ്ണ യു വി**

# പ്രളയനീർ

വേദനകൾക്കന്ത്യമില്ലെന്നോതി....പ്രളയം
കൈകോർത്തു മുന്നേറി നാം
പ്രളയനീരിന്റെ ചാലുകളിലൂടെ...
നാം ഒരുമയിലെത്തി.........
മരണത്തെ കുറിച്ച് ആദ്യം
ചിന്തിയ്ക്കുമ്പോൾ
മനസ്സിലേയ്ക്കെത്തുന്നത് പ്രളയം......



**ആതിര വി ആർ**

# പഴമയെ അറിയും പഴഞ്ചൊല്ലുകൾ

- സമ്പത്ത് കാലത്ത് തൈ പത്ത് വച്ചാൽ
- ആപത്ത് കാലത്ത് കാപത്ത് തിന്നാം
- ചട്ടയിലെ ശീലം ചുടല വരെ
- മടിയൻ മല ചുമക്കും
- കാണം വിറ്റും ഓണമുണ്ണണം
- വിത്തു ഗുണം പത്തു ഗുണം
- മിന്നുന്നതെല്ലാം പൊന്നല്ല
- കുംഭത്തിൽ നട്ടാൽ കുടത്തോളം

അമൃത

# കേരളത്തെ അറിയാം

കേരളത്തിലെ ജില്ലകളുടെ എണ്ണം

പതിന്നാല്

കേരളത്തിലെ ഏറ്റവുംവലിയ ജില്ല

പാലക്കാട്

കേരളത്തിലെ ഏറ്റവും ചെറിയ ജില്ല

ആലപ്പുഴ

കേരളത്തിലെ പുഴകളുടെ എണ്ണം

നാൽപ്പത്തിന്നാല്

കേരളത്തിലെ ഏറ്റവും വലിയ പുഴ

പെരിയാർ

കേരളത്തിലെ ഏറ്റവും ചെറിയ പുഴ

മഞ്ചേശ്വരം പുഴ

കേരള കലാമണ്ഡലം സ്ഥിതി ചെയ്യുന്നതെവിടെ

ചെറുത്തുരുത്തി



ശാലിനി

# ഭയം

കൂട്ടുകൂടാൻ എനിയ്ക്കിഷ്ടമാണ്....

പക്ഷെ ..ഭയമാണ്

പ്രണയിയ്ക്കാൻ എനിയ്ക്കിഷ്ടമാണ്....


പക്ഷെ ..ഭയമാണ്

മഴവില്ല് കാണും നേരത്ത്

ആർത്ത് ചിരിയ്ക്കാനും കൂടെ കളിയ്ക്കാനും,

ഇഷ്ടമാണ്...പക്ഷെ ...

കഴുകൻ കണ്ണുകളെ എനിയ്ക്ക് ഭയമാണ്



# കേരളനാട്

കേരളനാടേ...മാവേലിനാടേ...
തുഞ്ചന്റെ തത്തയും കുഞ്ചന്റെ തുള്ളലും
ഒന്നിച്ച പാടിയ മലയാള നാടേ..
മലയാള ഭാഷതൻ മടിത്തട്ടിൽ
വീണ മയങ്ങുന്ന കേരളനാടേ....
കായലും പുഴകളും തോട്ടും വയലും
കാടായകാട്ടും ഉറങ്ങുന്ന നാടേ
കേരനാടേ..കേരള നാടേ....
ഭാരതനാടേ...മാവേലിനാടേ......

ദേവസേന സി എച്ച്

# മഴക്കാലം

തെളിഞ്ഞ നീലാകാശത്ത്
മഴമേഘക്കാറുകൾ ഇരുണ്ടു കൂടി
കൂട്ടരായ് ഇടിയും മിന്നലും
ആർത്തലച്ചു പെയ്യുമ്പോൾ
തോടും കുളവും പുഴയും കടലാകുന്നു.
ഭേദമില്ലാതെ നിലം പൊത്തിടുന്നു.
ആളുകൾ പരക്കം പായുന്നു.
എങ്കിലും അറിയുന്നു നന്മ തൻ മന്ത്രം.
ഒരുമയോടെ അലിവോടെ നിറയുന്നു സ്നേഹം.

# നഷ്ടത്തിന്റെ നാളുകൾ

നൂറ്റാണ്ടുകൾക്കു മുമ്പ് വന്ന മഹാപ്രളയത്തെ മറികടന്ന് കേരളം ശാന്തമാകുമ്പോഴേയ്ക്കും വീണ്ടും ഇതാ ഒരു മഹാപ്രളയം.കഴിഞ്ഞ പ്രളയം കേരളത്തെ പൂർണ്ണമായ് തളർത്തി.പ്രളയം സൃഷ്ടിക്കാനുണ്ടായ കാരണക്കാർ നാം തന്നെയാണ്.മനുഷ്യന് ആവശ്യമായ പ്രകൃതിയെ മനുഷ്യൻ തന്നെ നശിപ്പിക്കുന്നു.രാക്ഷസ യന്ത്രങ്ങളാൽ മരങ്ങളെയും മലകളെയും കാർന്നെടുത്തു.അതിനാൽ നമ്മുടെ പ്രകൃതിയുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടുത്തി. അത് പ്രളയത്തിന്റെ ഉറവിടമായി.

പ്രളയം പലർക്കും വീട്,സമ്പാദ്യം,ബന്ധങ്ങൾ ആരോഗ്യം എന്നിവ നഷ്ടപ്പെടുത്തി.മനുഷ്യന് പണത്തോടുള്ള ആർത്തിയാണ് ഇതിനെല്ലാം കാരണം. പണത്തിൻ മീതെ പരുന്തും പറക്കില്ല എന്ന ചിന്തയാണ് ഇന്ന് എല്ലാവരെയും നയിക്കുന്നത്.

പ്രളയം ഓർമ്മയും ഓർമ്മപ്പെടുത്തലും ആകട്ടെ.......

നന്ദന ബി

# സൂര്യൻ

രാവിലെ ഉണർത്താനൊരു കൂട്ടായ്
എന്നുമുണ്ടല്ലോ ഞാൻ കൂടെ
നിങ്ങളെയെന്നും വിളിച്ചുണർത്തി
ഉല്ലസിച്ചീടുന്നവനല്ലോ ഞാൻ
ചെടികൾക്കും മരങ്ങൾക്കും കൂട്ടായ്
എപ്പോഴും നിന്നീടുന്നല്ലോ ഞാൻ
സന്ധ്യയായ് നേരമായ് പോയീടാൻ
മയങ്ങിപ്പോയീടുന്നു ഞാൻ.

ശ്രേയ

# അനാഥബാല്യം

നിന്റെ കണ്ണിലൂടെ ഞാൻ എന്റെ ലോകം കണ്ടറിഞ്ഞു.
വർണ്ണങ്ങളൊട്ടും വാരിവിതറിയില്ലെങ്കിലും
ഉള്ള വർണ്ണങ്ങളാൽ മനോഹരമാക്കി.
നിറമില്ലെങ്കിലും അമ്മതൻ മണം നിറമാക്കി മാറ്റി.
അനാഥമായബാല്യത്തിൽ നിന്നും പുറത്തേയ്ക്കൊഴുകാൻ -
ക്കൊതിയ്ക്കുന്ന മനസ്സ്.....

ഫാത്തിമ

# മടങ്ങിവരൂ....

# ഒരിക്കൽക്കൂടി..

എന്നൊപ്പം കളിച്ചും ചിരിച്ചും
പിണങ്ങിയാൽ പൊട്ടിക്കരഞ്ഞും
എന്നിലെന്നും താങ്ങായ്,തണലായ്
നിന്ന പ്രിയക്കൂട്ടുകാരി.....
ഒരിക്കലെന്നെ തിരികെ വിളിച്ചപ്പോൾ
ഓടിയകന്നു പോയീ നീ...
അവസാനശ്വാസത്തിലേയ്ക്കൂടുക്കയാണെ
ന്നറിയാതെ... പോയീ നീ....
എൻ പ്രിയ കൂട്ടുകാരീ....ക്ഷമിക്ക....
സൗഹൃദത്തിൻ വിലയറിയാതെ,
സൗഹൃദമെന്തെന്നറിയാതെ..

**അമൃത**

# തിരക്ക്

കാലം മാറി കോലം മാറി

കീറിയ വസ്ത്രം അലങ്കാരമായി.

ചിന്തയിലറിയാതൊന്നു ദേഹത്ത്

തട്ടിയാലന്യരെ

തൊട്ടു നമിച്ചിടുന്നൊരു കാലം

ഇന്ന് വന്നൊരു മൃഗീയ ബോധം മനുഷ്യരെ

കൊന്നുതിന്നുന്ന തിരക്കിലായ്

# തീരാദു:ഖം

സന്തോഷവും സങ്കടവും നിറഞ്ഞ ആ കൊച്ചു കുടുംബത്തിൽ അച്ഛനും അമ്മയും മൂന്ന് പൊന്നോമനകളും ഉണ്ടായിരുന്നു.കർഷകരായിരുന്ന അവരുടെ കുടുംബത്തിലേക്ക് ഒരു പശുക്കിടാവ് എത്തി.ആ സന്തോഷത്തിൽ പുറത്തേക്കിറങ്ങിയ അച്ഛനെ കാത്ത് ഉഗ്രവിഷമുള്ള പാമ്പ് ഉണ്ടായിരുന്നു. ഇരുട്ടിന്റെ മങ്ങലിൽ ഒന്നും കാണാൻ കഴിയാത്ത ആ പിതാവിന്റെ കാലിൽ പാമ്പ് കടിച്ചു. അച്ഛന്റെ നിലവിളി കേട്ട് അമ്മയും മക്കളും ഓടിയെത്തി. ആശുപത്രിയിലേക്കുള്ള ആ യാത്ര നെഞ്ചിടിപ്പു കൂട്ടി.അഞ്ച് ദിവസങ്ങൾ പിന്നിട്ടു. അടുത്ത ദിവസം മൂത്ത മകൾക്ക് പരീക്ഷയാണ് വിഷമത്തോടെ അവൾ ഇറങ്ങി. നിമിഷങ്ങൾ ക്കകം അച്ഛൻ മരണപ്പെട്ടു. പരീക്ഷ കഴിഞ്ഞെത്തിയ അവൾ കണ്ടത് ജീവനില്ലാതെ വിറങ്ങലിച്ചു കിടക്കുന്ന അച്ഛന്റെ ശരീരമാണ്. അവളുടെ കണ്ണീര് ഒരു കടലായ് മാറി.

# മഴക്കാലം

തെളിഞ്ഞ നീലാകാശത്ത്
മഴക്കാറുകൾ ഉരുണ്ടുകൂടി
ഇടിയും മിന്നലും കൂടിവന്നു
അതൊരു പേമാരിയായ് മാറി
കോരിച്ചൊരിയുന്ന പേമാരിയിൽ
തോടും പുഴയുമെല്ലാമൊന്നായ്
കുടിലും ഫ്ളാറ്റുമെല്ലാം നിലംപതിച്ചു
ഉരുൾപൊട്ടലെന്ന മഹാവിപത്ത്
നാടിനെമുഴുവൻ ദുരിതത്തിലാഴ്ത്തി
ആബാലവൃദ്ധം ജനതയും
ജീവനുവേണ്ടി പ്രാർത്ഥനയായ്
നിലവിളി കേട്ടപ്പോൾ ഓടിയെത്തി
ദൈവദൂതരെപ്പോലെ ...ചിലർ
ജാതിമത ദ്വേഷമെല്ലാം മറന്നവർ
നാടിന്റെ രക്ഷകരായ്....

ഗോപിക.പി.ജി

# ജന്മദിനം

അന്ന് ലക്ഷ്മിക്കുട്ടിയമ്മയുടെ ജന്മദിനമായിരുന്നു.പക്ഷേ അവർ വളരെയധികം സങ്കടത്തിലായിരുന്നു.കാര്യം അന്വേഷിച്ചപ്പോൾ ....എല്ലാ ജന്മദിനത്തിനും എന്നോടൊപ്പം മക്കൾ ഉണ്ടാകാറുണ്ട് എന്നാൽ ഇന്ന്.....എന്റെ മക്കൾ .....എന്നാലും പ്രതീക്ഷയുണ്ട്..... മക്കളെയും പ്രതീക്ഷിച്ചുകൊണ്ട് ലക്ഷ്മിയമ്മ മരച്ചുവട്ടിൽ ഇരുന്നു.തന്റെ കഴിഞ്ഞുപോയ കാലങ്ങളെക്കുറിച്ചോർത്തുകൊണ്ട് ....ഭർത്താവിന്റെ മരണം,മക്കളുടെ വളർച്ച, താൻ അനുഭവിച്ച കഷ്ടപ്പാടുകൾ, അവരുടെ പഠിത്തം,ലഭിച്ച ഉയർന്ന ഉദ്യോഗം......വിവാഹവും അവർക്ക് ലഭിച്ച ഉദ്യോഗവും അമ്മയേയും മക്കളേയും തമ്മിൽ അകറ്റി. ആ ദുഖം അമ്മയ്ക്ക് താങ്ങാൻ ആകുമായിരുന്നില്ല.ഹൃദയാഘാതം അവരെ ആശുപത്രിയിലാക്കി.ആശുപത്രിയിൽ നിന്ന് വന്ന അവർ ആദ്യം ചെയ്തത് സ്വത്തുകൾ ഭാഗം വെയ്ക്കലാണ്. കുറച്ച് ദിവസങ്ങൾ കഴിയുന്നതിനു മുന്പേ തന്നെ അമ്മയെ മക്കൾ അനാഥാലയത്തിൽ എത്തിച്ചു. ഈ കാര്യങ്ങളെല്ലാം അമ്മയുടെ കണ്ണിലൂടെ സഞ്ചരിച്ചു.....ആ ഓർമ്മകൾക്ക് അമ്മയും ആ മരവും മാത്രം കൂട്ട്.....

**സനിഗ എം എസ്**

# പ്രളയം

ബുദ്ധന്റെ നാടാം കേരളമേ....

ശങ്കരന്റെ നാടാം കേരളമേ....

നിനക്കിന്നെന്തുപ്പറ്റി....
നീ തളരില്ല താഴില്ലെന്ന്
എനിയ്ക്കു മനസ്സിലായ്.

പ്രളയമേ നീ കൊട്ടാരത്തിലിരുന്നവനേയും
കുടിലിലിരുന്നവനേയും ഒരുമിച്ചിരുത്തി.
കണ്ണീര് പ്രളയത്തിൽ കലക്കിയെങ്കിലും
തുണയായ്..താങ്ങായ്...

രമ്യ ദാസ്

# മേഘം

ആകാശമെന്നൊരു നീണ്ട പരവതാനിയിൽ
നീലനിറം നൽകി ജ്വലിച്ച നില്ക്കയാണ് നീ.....
കണ്ണിലെ വെള്ളപ്പാടപോലെ
കടലിനുവസ്ത്രമാണ് മേഘം
നമ്മുടെ രക്ഷാകവചമാണ് മേഘം
ഔന്നത്യത്തിന്റെ അടയാളമാണ് മേഘം
ദൈവസാന്നിധ്യം ധ്വനിപ്പിക്കും മേഘം
മരങ്ങൾക്കു തണലാണ് മേഘം
സൗന്ദര്യത്തിന്റെ മാലാഖയാണ് മേഘം
ഭൂമിയിലെ സ്വർഗ്ഗമാണ് മേഘം

രമ്യ ദാസ്


# മേളകൾ മേളങ്ങൾ

2019-20 അധ്യയന വർഷം പറളി ഹൈസ്കൂൾ വിവിധ മേളകൾക്ക് ആതിഥ്യമരുളി. ഈ അവസരങ്ങൾ അംഗീകാരങ്ങളായി ഞങ്ങൾ കണക്കാക്കുന്നു.അതോടൊപ്പം അഭിമാനിയ്ക്കുകയും ചെയ്യുന്നു. ക്യാമറ കൈകാര്യം ചെയ്യുന്ന ലിറ്റിൽ കൈറ്റ് അംഗങ്ങൾക്ക് ഇതൊരു ഉത്സവമായിരുന്നു.അവർ പകർത്തിയ ചിത്രങ്ങളിൽ ചിലത് ഇതോടൊപ്പം ചേർക്കുന്നു.........










FOREST
RECYCLE UNIT



# ശുഭം